# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ</u>

268 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടി ആയി ഉയർത്തണമെന്ന സുപ്രീംകോടതി വിധി നടപ്പിൽ വരുമ്പോൾ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) വനസംരക്ഷണ നിയമപ്രകാരം സംരക്ഷിത വനപ്രദേശത്തിന് ഇത് എത്രത്തോളം ദോഷകരമാകുമെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിന്റെ പരിധിയിലുള്ള വന്യജീവി മേഖലയ്ക്ക് ദോഷകരമായി ഭവിക്കുന്ന ഇക്കാര്യങ്ങൾ മുല്ലപ്പെരിയാർ പുന:പരിശോധനാ ഹർജിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>മുല്ലപ്പെരിയർ പ്രദേശത്തെ സസ്യജീവജാലങ്ങളുടെ സംരക്ഷണം</u>

269 ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ
'' പി.തിലോത്തമൻ
'' വി.എസ്.സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തുമ്പോൾ വന്യജീവി മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ജലനിരപ്പ് ഉയരുമ്പോൾ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകാൻ സാദ്ധ്യതയുണ്ട്;ഈ പ്രദേശത്തെ സസ്യ ജീവജാലങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

കസ്തൂരിരംഗൻ റിപ്പോർട്ട്

270 ശ്രീ. സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണത്തിനുള്ള കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം ഇറക്കിയ കേന്ദ്ര ഗവൺമെന്റ് ഉത്തരവിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) മാറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പരിസ്ഥിതിലോല മേഖലകളുടെ അതിരുകളെക്കുറിച്ച് സംസ്ഥാനങ്ങൾ നേരിട്ട് പഠനം നടത്തി ഭേദഗതി നിർദ്ദേശിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുതിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്;

(ഡി) കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള ആശങ്കകൾ അകറ്റാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

പരിസ്ഥിതി ദുർബല പ്രദേശങ്ങളിലെ ഖനന പ്രവർത്തനങ്ങൾ

271 ശ്രീ. വി. ചെന്താമരാക്ഷൻ
,, ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ സമിതി പരിസ്ഥിതി ദുർബല പ്രദേശങ്ങളായി കണ്ടെത്തിയ സ്ഥലങ്ങളിൽ ഏതെങ്കിലും ഖനന പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി അനുമതി നൽകുന്നുണ്ടോ; നിലവിലുള്ള ക്വാറികൾക്ക് പ്രവർത്തനം തുടരാൻ അനുമതി ആവശ്യമാണോ;

(ബി) ക്വാറികൾക്ക് പരിസ്ഥിതി അനുമതി നൽകുന്ന കാര്യത്തിൽ ഹരിത ട്രൈബ്യൂണൽ സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) സർക്കാർ നൽകിയ മറുപടി എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിലെ അതിർത്തി നിർണ്ണയ മാപ്പ് തയ്യാറാക്കൽ നടപടി

272 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പരിസ്ഥിതിലോല മേഖല നിശ്ചയിക്കാനുളള അതിർത്തി നിർണ്ണയ മാപ്പ് (കഡസ്ട്രൽ മാപ്പ്)തയ്യാറാക്കൽ നടപടി നിർത്തിവെക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുകയുണ്ടായോ;

(ബി) കൃഷിഭൂമി, തോട്ടം മേഖല, ജനവാസകേന്ദ്രങ്ങൾ തുടങ്ങിയവ നിശ്ചയിക്കുന്നതിനുളള മാർഗ്ഗരേഖ ആധികാരികമാക്കാതെയുളള കഡസ്ട്രൽ മാപ്പിംഗിൽ കൃഷിക്കാരാകെ പ്രക്ഷുബ്ധരാണെന്ന കാര്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കേരള കർഷക സംഘം സമർപ്പിച്ച നിവേദനത്തിലുന്നയിച്ച സംഗതികൾ പരിശോധിക്കുകയുണ്ടായോ;

(സി) അശാസ്ത്രീയമായ സമീപനം മാറ്റി ശാസ്ത്രീയവും സമഗ്രവുമായ നിലയിൽ കഡസ്ട്രൽ മാപ്പ് തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഹരിതശ്രീ പദ്ധതി</u>

273 ശ്രീ. പാലോട് രവി
,, വര്‍ക്കല കഹാര്‍
,, കെ. മുരളീധരന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനം വകുപ്പ് ഹരിതശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളും സാമൂഹിക സംഘടനകളുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>വനഭൂമി വനേതരാവശ്യങ്ങൾക്ക് വിട്ടുനൽകാനുള്ള മാനദണ്ഡങ്ങൾ</u>

274 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുനൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വനഭൂമി വിട്ടുനൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഇത്തരം മാനദണ്ഡങ്ങൾ പൂർണമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; വിശദമാക്കാമോ;

(ഡി) വനവൽക്കരണം നടത്തുന്ന ചെടികളുടെ അതിജീവനത്തെ സംബന്ധിച്ച് കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

വനവിഭവങ്ങളുടെ വിൽപ്പന

275 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനഭൂമിയിൽ നിന്നും ശേഖരിച്ച് വിൽപന നടത്തിയ മരങ്ങൾ എത്രയെന്നും ഓരോ വർഷവും മരം ഉൾപ്പെടെയുള്ള വന വിഭവങ്ങൾ വിൽപന നടത്തിയ ഇനത്തിൽ ലഭിച്ച വരുമാനം എത്ര യെന്നും വിശദമാക്കാമോ;

(ബി) വിൽപന നടത്തുന്നതിനായി ലഭ്യമായ മരങ്ങളിൽ അവ ശേഷിക്കുന്നവ എത്രയാണ്; അതിന് കണക്കാക്കപ്പെട്ട വാല്യൂ എത്ര; വിശദമാക്കാമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>അനധികൃത വനം മുറിക്കൽ കേസുകൾ</u>

276 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച്കടത്തിയതിന് എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) നിലവിലുള്ള വനസംബന്ധമായ മൊത്തം കേസുകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള കണക്കുകൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റം</u>

277 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനഭൂമി അനധികൃതമായി കൈവശം വെച്ചുവരുന്നത് സംബന്ധിച്ച എത്ര കേസുകള്‍ നിലവിലുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് വനഭൂമി കയ്യേറാന്‍ ശ്രമിച്ചതിന്റെ പേരില്‍ എത്ര പേര്‍ക്കെതിരെ കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; കയ്യേറ്റം ചെയ്ത ഭൂമിയില്‍ ഇനിയും തിരിച്ച് പിടിക്കാന്‍ സാധിച്ചിട്ടില്ലാത്ത കേസുകള്‍ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് തിരിച്ച് പിടിച്ച എത്ര ഏക്കര്‍ ഭൂമിയില്‍ വീണ്ടും കയ്യേറ്റം നടക്കുകയുണ്ടായിട്ടുണ്ട്; എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് എന്നിവ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കല്പറ്റ വനാതിർത്തി ഭാഗങ്ങളിലുള്ള കാട്ടാനശല്യം</u>

278 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്പറ്റ നിയോജക മണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിലുള്ള കാട്ടാന ശല്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 26.07.2013-ൽ വയനാട് ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) യോഗതീരുമാനപ്രകാരം മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാം</u>

279 ശ്രീ. ഷാഫി പറമ്പിൽ
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സ്കൂളിൽ ഈ പ്രോഗ്രാം ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വൃക്ഷങ്ങളിൽ ആണിയടിച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് തടയാൻ നടപടി</u>

280 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃക്ഷങ്ങളിൽ ആണിയടിച്ച് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്;

(സി) ഇവ യഥാസമയം നീക്കം ചെയ്യുന്നതിന് നിലവിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

വനദീപ്തി പദ്ധതി

281 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനദീപ്തി പദ്ധതി (ഗ്രാമീണ സ്വാഭാവിക വനവൽകരണ പദ്ധതി) പ്രകാരം പത്തനാപുരം റേഞ്ചിൽ നാളിതുവരെ അംഗീകരിക്കപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക, ആയത് പ്രകാരം നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഇനംതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

പത്തനാപുരം റേഞ്ചിലെ പത്തുപറയിലെ മസ്ദൂർ, വാച്ചർ തസ്തിക

282 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനദീപ്തി പദ്ധതി (ഗ്രാമീണ സ്വാഭാവിക വനവത്ക്കരണ പദ്ധതി) പ്രകാരം പത്തനാപുരം റേഞ്ചിൽ ഉൾപ്പെട്ട പത്തുപറയിൽ മസ്ദൂർ വാച്ചർ തസ്തികയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാച്ചർ തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. എൻ. വിവേകാനന്ദനെ ജോലിയിൽ നിന്നും പിരിച്ചു വിടാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്നും ടിയാൾക്ക് പിരിച്ചുവിടുന്നതിന് മുൻപ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നോ എന്നും വ്യക്തമാക്കുമോ;

(സി) 22.2.2013 വെള്ളിയാഴ്ച പത്തനാപുരം റേഞ്ചിൽ പത്തുപറയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന വാച്ചർമാരുടെ പേരും ഡ്യൂട്ടി സമയക്രമമടങ്ങുന്ന ഹാജർ പകർപ്പ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കോതമംഗലം തടി ഡിപ്പോ മാറ്റാനുള്ള തീരുമാനം

283 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മുനിസിപ്പാലിറ്റിയും വനം വകുപ്പും തമ്മിലുള്ള തർക്കത്തെത്തുടർന്ന് തർക്ക സ്ഥലത്തെ തടി ഡിപ്പോ അവിടെ നിന്നും മാറ്റണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനത്തിന് ശേഷവും അവിടെ തടി ഇറക്കി സ്റ്റോക്ക് ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) എന്നു മുതൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം

284 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുരങ്ങ്, ആന, മലയണ്ണാൻ തുടങ്ങിയ വന്യ ജീവികൾ കൃഷി നശിപ്പിക്കുന്നതു സംബന്ധിച്ച പരാതികൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം ഫലപ്രദമായി തടയാൻ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ആറന്മുളയിലെ പരിസ്ഥിതി പ്രശ്നം</u>

285 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല പ്രദേശമായതിനാൽ ആറന്മുള വിമാനത്താവളത്തിന് അനുമതി നിഷേധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ ഈ വിമാനത്താവളത്തിന് നൽകിയ അനുമതി ഗ്രീൻ ട്രൈബ്യൂണൽ റദ്ദാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പശ്ചിമഘട്ട മേഖലയെ സംരക്ഷിക്കുവാൻ ഗാഡ്ഗിലും മറ്റും നൽകിയ നിർദ്ദേശങ്ങളെ നിരാകരിച്ചതുപോലെ ആറന്മുള വിമാനത്താവളം സംബന്ധിച്ച ഗ്രീൻ ട്രൈബ്യൂണൽ വിധിയും സ്വീകരിക്കാതിരിക്കാമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചതും സ്വീകരിക്കാൻ പോകുന്നതുമായ നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ലോക പരിസ്ഥിതി ദിനത്തിലെ യുവജനപങ്കാളിത്തം

286

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക പരിസ്ഥിതി ദിനമായ 2014 ജൂൺ 5 ന് സംസ്ഥാനത്ത് എത്ര വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചത്;

(ബി) ഇതിൽ യുവജന സംഘടനകളുടെ പങ്കാളിത്തം എത്രത്തോളമായിരുന്നു;

(സി) ഏതൊക്കെ യുവജന സംഘടനകളാണ് ഈ സംരംഭവുമായി സഹകരിച്ചതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>വയനാട് ജില്ലയിൽ സ്വിം ഇൻസർവൈവ് പദ്ധതി</u>

287 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പിന്റെ നേതൃത്വത്തിൽ സ്വിം ഇൻസർവൈവ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ</u>

288 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷം നടക്കുന്ന ദേശീയ ഗെയിംസിന്റെ വേദിയായ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനായി എന്തു തുക ചെലവഴിച്ചുവെന്നും ആകെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വലിയ കൊവ്വൽ മൈതാനത്ത് സിന്തറ്റിക് ടർഫ്</u>

289 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നടക്കാവ് വലിയ കൊവ്വൽ മൈതാനം കേന്ദ്രീകരിച്ച് സിന്തറ്റിക്ക് ടർഫ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടും നിർമ്മാണപ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി</u>

290 ശ്രീ. പി. എ. മാധവൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കാസർകോഡ് ജില്ലയിലെ സ്പോർട്സ് ഹോസ്റ്റലുകൾ</u>

291 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വനും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്പോർട്ട്സ് വകുപ്പിനു കീഴിൽ കാസർകോഡ് ജില്ലയിൽ എത്ര ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടങ്ങളിൽ എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>സിനിമാരംഗത്തെ പരിഷ്ക്കരണം</u>

292 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാരംഗം പരിഷ്ക്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് സമിതിയുടെ പരിഗണനയിലുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള ഉൾപ്പെടെയുള്ളവയുടെ പരിഷ്ക്കരണം എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>''ഒറ്റപ്പാലത്ത് ഫിലിം സിറ്റി''</u>

293 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) □''ഒറ്റപ്പാലത്ത് ഫിലിം സിറ്റി'' സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; എന്നാണ് തീരുമാനിച്ചത്;

(ബി) പ്രസ്തുത ഫിലിം സിറ്റി സ്ഥാപിക്കുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) നാളിതുവരെ ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി;

(ഡി) പ്രസ്തുത ഫിലിം സിറ്റി നിർമ്മാണത്തിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫിലിം സിറ്റി എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കെ.എസ്. ആർ.ടി.സി. പുന:രുദ്ധാരണ പാക്കേജ്</u>

294 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ലാഭകരമാക്കാൻ പദ്ധതി

295 ശ്രീ. വി.ഡി.സതീശൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പദ്ധതി നടപ്പാക്കുമ്പോൾ നിലവിൽ വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ

296 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര രൂപ ധനസഹായം അനുവദിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി യിലെ ഉദ്യോഗസ്ഥര്‍ക്കെതിരെയുള്ള ആരോപണം അന്വേഷിക്കാന്‍ നടപടി</u>

297 ശ്രീ. എന്‍.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സി യെ സാമ്പത്തിക പരാധീനതയില്‍ നിന്നും രക്ഷിക്കാന്‍ നിരവധി പദ്ധതികള്‍ നടപ്പിലാക്കുന്നുണ്ടെങ്കിലും ഉദ്ദേശിച്ച ഫലം ഉണ്ടാകാത്തതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ജോലി ചെയ്യാതെ ശമ്പളം പറ്റുന്നതായും, പര്‍ച്ചേസുകളില്‍ ക്രമക്കേടു നടക്കുന്നതായും, വരുമാനം വെട്ടിക്കുന്നതായും, യോഗ്യതയില്ലാത്തവര്‍ ഉന്നതസ്ഥാനങ്ങള്‍ വഹിച്ച് അമിതാനുകൂല്യങ്ങള്‍ പറ്റുന്നതായും, ഓഫീസ് സൗകര്യങ്ങളും, കെട്ടിടങ്ങളും, വാഹനങ്ങളും ദുരുപയോഗം ചെയ്യുന്നതായുമുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിൽ സാമ്പത്തിക അച്ചടക്കം

298 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി യിൽ സാമ്പത്തിക അച്ചടക്കം ഉണ്ടാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ചു വിശദാംശം നൽകാമോ;

(ബി) ധൂർത്ത് ഇല്ലാതാക്കി നഷ്ടം കുറച്ചുകൊണ്ടുവരാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും എന്ത് തുക ലാഭിക്കാനായെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഹെൽമറ്റ് ധരിക്കുന്നതിന് ഇളവ്

299 ശ്രീ.എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ടിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരമുപയോഗപ്പെടുത്തി അത്യാവശ്യം വേണ്ട രോഗികൾക്കെങ്കിലും ഹെൽമറ്റ് ധരിക്കുന്നതിൽ ഇളവനുവദിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) രോഗികളുടെ ആരോഗ്യാവസ്ഥ കണക്കിലെടുത്ത് ഇളവ് അനുവദിക്കുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ഗതാഗത നിയമലംഘനം തടയാൻ നടപടി</u>

300 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസില്ലാതെയും മദ്യപിച്ചുകൊണ്ടും വാഹനം ഓടിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണങ്ങളാൽ ഉണ്ടാകുന്ന റോഡപകടങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ലൈസൻസില്ലാതെയും, മദ്യപിച്ചും വാഹനം ഓടിക്കുന്നവരെയും, വ്യാജ നമ്പർ പ്ലേറ്റുപയോഗിച്ചും നിരോധിത വസ്തുക്കൾ കടത്താനും, അമിതവേഗതയിലും ഓടിക്കുന്ന വാഹനങ്ങളെയും കണ്ടെത്തുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പൊതുനിരത്തുകളിലെ വാഹനങ്ങളുടെ വേഗത</u>

301 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുനിരത്തുകളിൽ വാഹനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന പരമാവധി വേഗത എത്രയാണെന്ന് വാഹനങ്ങളുടെ വിഭാഗം തിരിച്ചും റോഡുകളുടെ ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) വേഗപരിധി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ അനുവദിച്ചതിലും കൂടുതൽ വേഗതയിൽ പോകുന്ന വാഹനങ്ങളുടെ ഉടമസ്ഥർക്ക് നൽകുന്ന ശിക്ഷ എന്താണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

കെ.എസ്.ആർ.ടി.സി.യിലെ ജി.പി.ആർ.എസ്. സംവിധാനം

302 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പുതിയതായി ഏർപ്പെടുത്തിയ ജി.പി.ആർ.എസ്. സംവിധാനം അധിക ബാധ്യതയായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഏത് ഏജൻസി വഴിയാണ് ജി.പി.ആർ.എസ്. സംവിധാനം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

ബസ് യാത്രാനിരക്ക് വർദ്ധന

303 ശ്രീ. വി. ശശി
,, കെ. രാജു
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-നു ശേഷം സംസ്ഥാനത്ത് എത്ര പ്രാവശ്യം ബസ്സ് യാത്രാനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; നിലവിലുണ്ടായിരുന്ന നിരക്കും ഓരോ പ്രാവശ്യവും വർദ്ധിപ്പിച്ച നിരക്കും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാം; ഇതിൽ ഏതെല്ലാം ശുപാർശകളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിരക്കുകൾ വർദ്ധിപ്പിച്ചതു പിൻവലിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ ഓർഡിനറി ബസ്സുകൾ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓർഡിനറി ബസ്സുകളുടെ ഫെയർസ്റ്റേജ് നിർണ്ണയത്തിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ ബസ്സ് യാത്രാക്കൂലിയും അയൽ സംസ്ഥാനങ്ങളിലെ ബസ്സ് യാത്രാക്കൂലിയും തമ്മിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന സർവീസുകൾക്ക് പുതിയ ബസുകൾ അനുവദിക്കുന്നതിന് നടപടി</u>

304 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകളാണ് വാങ്ങിയതെന്നും അവ ഏതെല്ലാം തരത്തിലുള്ളവയാണെന്നും വ്യക്തമാക്കുമോ;

(ബി) അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഏത് തരത്തിലുള്ള ബസ്സാണ് ഉപയോഗിക്കുന്നത് ;

(സി) മലപ്പുറം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അതിനായി ഏത് തരത്തിലുള്ള ബസ്സാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) ഊട്ടി സർവ്വീസ് നടത്തുന്ന ബസ്സുകൾ ബ്രേക്ക് ഡൗണായി നിരന്തരം യാത്ര മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഊട്ടിയുൾപ്പെടെയുള്ള അന്തർ സംസ്ഥാന സർവ്വീസുകൾക്ക് പുതിയ ബസ്സുകൾ അനുവദിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പുതിയ ബസ്സുകൾ വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ</u>

305 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസുകൾ പുതിയതായി വാങ്ങിയിട്ടുണ്ടെന്നും ആയതിന് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ;

(ബി) പുതിയതായി ബസ്സുകൾ വാങ്ങുന്നതിനുവേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്നും പണം സ്വീകരിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) ഈ സർക്കാർ വാങ്ങിയിട്ടുള്ള പുതിയ ബസ്സുകൾ ഡിപ്പോകളിൽ ഓപ്പറേഷനുവേണ്ടി നൽകിയതിന്റെ എണ്ണം സംബന്ധിച്ച പട്ടിക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ഡി) അടൂർ മണ്ഡലത്തിലേക്ക് പുതിയ ബസ്സുകൾ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്നും എങ്കിൽ ആയത് എന്ന് ലഭ്യമാക്കുമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ.ടി.സി ബസുകളിൽ കാൻസർ രോഗ ബാധിതർക്ക് സീറ്റ് സംവരണം</u>

306 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി.ബസുകളിൽ കാൻസർ രോഗ ബാധിതർക്ക് സീറ്റ് സംവരണം ചെയ്യുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകത

307 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫെയർസ്റ്റേജ് കണക്കാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അശാസ്ത്രീയത മൂലം അമിത ചാർജ്ജ് നൽകേണ്ടി വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനും ഫെയർസ്റ്റേജ് നിർണ്ണയം പുന:പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) ബസ് ചാർജ് വർദ്ധിപ്പിച്ചതിലൂടെ കെ. എസ്. ആർ. റ്റി. സി യ്ക്ക് പ്രതിദിനം എന്തു തുക അധിക വരുമാനമായി ലഭിക്കുന്നുണ്ട്?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>വാഹന നികുതി വർദ്ധന</u>

308 ശ്രീ. ഇ. പി. ജയരാജൻ
'' പി. ശ്രീരാമകൃഷ്ണൻ
'' ബാബു എം. പാലിശ്ശേരി
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങൾക്കുള്ള നികുതി ഒറ്റയടിക്ക് നാലിരട്ടിയിലേറെ വർദ്ധിപ്പിച്ചുകൊണ്ട് ഒന്നിച്ചടക്കണമെന്ന നിർദ്ദേശം ജനങ്ങൾക്ക് ഉണ്ടാക്കിയ പ്രയാസങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മോട്ടോർ വാഹനങ്ങളുടെ മേഖലയിൽ ഉപജീവനം കണ്ടെത്തുന്ന ലക്ഷക്കണക്കായ തൊഴിലാളികളെ പ്രയാസപ്പെടുത്തിയ പ്രസ്തുത തീരുമാനം പിൻവലിക്കുമോ;

(സി) വാഹനനികുതി വർദ്ധനയിലൂടെ ഈ വർഷം ലക്ഷ്യമിട്ട അധിക വരുമാനം എത്ര രൂപയാണെന്നും വർദ്ധിപ്പിച്ച നികുതിനിരക്കുകൾ എത്രയാണെന്നു വിശദമാക്കാമോ;

(ഡി) അഞ്ചുവർഷത്തേക്കുള്ള നികുതികൾ മുൻകൂട്ടി ഒന്നിച്ചടക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നും ഇതിലുടെ ഈ വർഷം പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്രയാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സിയുടെ ബസ് ചാർജ് വർദ്ധനവും സാമ്പത്തിക പ്രതിസന്ധിയും</u>

309 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന വിവരം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(ബി) ഓരോ തവണയും ബസ് ചാർജ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി.ക്ക് ഉണ്ടായിട്ടുള്ള സാമ്പത്തികനേട്ടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് കാലാകാലങ്ങളിലെ ബസ് ചാർജ് വർദ്ധനവ് കൊണ്ട് സാധ്യമാകില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി സ്ഥായിയായി പരിഹരിക്കത്തക്ക വിധത്തിൽ എന്തെല്ലാം പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

ബസ് ചാർജ്ജ് വർദ്ധന

310 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ചാർജ്ജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ ;

(സി) മേയ് മാസം ചാർജ്ജ് വർദ്ധിപ്പിച്ചതിലൂടെ കെ.എസ്.ആർ.ടി.സിക്കുണ്ടായ പ്രതിദിന വരുമാന വർദ്ധനവ് എത്രയാണ് ;

(ഡി) ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പുനലൂർ വഴിയുള്ള ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി</u>

311 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്നും അഞ്ചൽ-പുനലൂർ-പത്തനംതിട്ട വഴി സർവ്വീസ് നടത്തിയിരുന്ന തിരുവനന്തപുരം-സേനാപതി ഫാസ്റ്റ് പാസഞ്ചർ ബസ് കൊട്ടാരക്കര-കോട്ടയം എം.സി. റോഡിലൂടെ മാറ്റി സർവ്വീസ് നിശ്ചയിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ബി) പുനലൂർ മേഖലയിലെ ജനവിഭാഗങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത സർവ്വീസ് പുനസ്ഥാപിക്കുമോ ;

(സി) തിരുവനന്തപുരം-പുനലൂർ-ചെറുതോണി (ഇടുക്കിഡാം) ബസ് സർവ്വീസ് നിർത്തലാക്കിയ സാഹചര്യം വ്യക്തമാക്കുമോ ; പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - പുനലൂർ വഴിയുള്ള ബസ് സർവ്വീസ്</u>

312 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു നിന്നും പുനലൂർ വഴി വടക്കൻ ജില്ലകളിലേക്ക് ബസ് സർവ്വീസുകൾ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയുടെ മലയോര മേഖലകളിൽ താമസിക്കുന്നവർക്ക് പുനലൂരിൽ എത്തി വീണ്ടും എം.സി റോഡു വഴിയുള്ള ബസുകളെ ആശ്രയിച്ച് വടക്കൻ ജില്ലകളിലേക്ക് യാത്ര നടത്തുന്നത് ദുഷ്ക്കരവും ചിലവേറിയതുമായതിനാൽ തിരുവനന്തപുരത്തു നിന്നും പുനലൂർ വഴി വടക്കൻ ജില്ലകളിലേക്കുള്ള ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര ഡിപ്പോയിലെ ബസ് സർവ്വീസ്</u>

313 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൊട്ടാരക്കര ഡിപ്പോയിൽ എത്ര ബസുകൾ ഉണ്ടായിരുന്നു; പ്രതിദിനം ശരാശരി എത്ര ഷെഡ്യൂളുകൾ നടത്തി വന്നിരുന്നു;

(ബി) നിലവിൽ പ്രസ്തുത ഡിപ്പോയിൽ എത്ര ബസുകൾ ഉണ്ടെന്നും ശരാശരി എത്ര ഷെഡ്യൂളുകൾ നടത്തി വരുന്നെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡിപ്പോയിൽ നിന്നും എത്ര ബസുകൾ പിൻവലിച്ചിട്ടുണ്ടെന്നും എത്ര ബസുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

കാസർഗോഡ് - മംഗലാപുരം റൂട്ടിൽ (നാഷണൽ ഹൈവേയിൽ) സർവ്വീസ് നിർത്തലാക്കിയിട്ടുള്ള ബസ്സുകൾ

314 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ്-മംഗലാപുരം നാഷണൽ ഹൈവേയിൽ സർവ്വീസ് നടത്തുന്ന എത്ര കെ.എസ്.ആർ. ടി.സി ബസ്സുകളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റൂട്ടിലെ യാത്രാതടസ്സം പരിഹരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>കാസര്‍കോട് മംഗലാപുരം അന്തര്‍ സംസ്ഥാന ബസ് സര്‍വ്വീസ്</u>

315 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍കോട് മംഗലാപുരം അന്തര്‍ സംസ്ഥാന റൂട്ടില്‍ കെ.എസ്.ആര്‍.ടി.സി എത്ര സര്‍വ്വീസുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ലാഭകരമായി സര്‍വ്വീസ് നടത്തുന്ന ഈ റൂട്ടില്‍ കൂടുതല്‍ ബസ്സുകള്‍ സര്‍വ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ ബസ് സർവ്വീസ്</u>

316 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് നിർത്തിവച്ചതെന്നും, പുതുതായി ഏർപ്പെടുത്തിയ ബസുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>പുതുക്കാട് ബസ് സ്റ്റേഷനിലെ ഷെഡ്യൂളുകൾ റദ്ദാക്കൽ</u>

317 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ബസ് സ്റ്റേഷനിൽനിന്നും എത്ര സർവ്വീസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ പല ഷെഡ്യൂളുകളും റദ്ദ് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഷെഡ്യൂളുകൾ റദ്ദ് ചെയ്യുന്നതുകാരണം മലയോര പ്രദേശത്തിലെ കർഷകരായ ജനങ്ങൾക്ക് യാത്രാക്ലേശം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഷെഡ്യൂളുകൾ റദ്ദ് ചെയ്യാതെ മുഴുവൻ സർവ്വീസ്സും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ കാരികുളം-ഇഞ്ചക്കുണ്ട് റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി</u>

318 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പിരസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വനം വകുപ്പിന്റെ കീഴിലുള്ള കാരികുളം-ഇഞ്ചക്കുണ്ട് റോഡിൽ തേക്കിൻ മരങ്ങൾ കയറ്റിയ അമിത ഭാരമുള്ള വാഹന ഗതാഗതത്തെ തുടർന്ന് സഞ്ചാരയോഗ്യമല്ലാതായി തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നന്നാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) റോഡ് നന്നാക്കി സഞ്ചാരയോഗ്യമാക്കുവാൻ എന്നേക്ക് സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>മലയാറ്റൂർ പള്ളിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി</u>

319 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ സെന്റ് തോമസ് പള്ളിയിലേക്കുള്ള പ്രധാനമാർഗ്ഗവും വനഭൂമിയിലൂടെ കടന്നുപോകുന്നതുമായ സഞ്ചാരയോഗ്യമല്ലാതായിരിക്കുന്ന ഷൺമുഖപുരം റോഡും കൊന്തേമ്പിള്ളി പാലവും ഗതാഗതയോഗ്യമാക്കുന്നതിന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്ന് വിശദമാക്കുമോ;

(ബി) തുക എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>മാടായിക്കാവിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>

320 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ നിന്നും ധാരാളം ഭക്തജനങ്ങൾ എത്തുന്നത് കണക്കിലെടുത്ത് തലപ്പാടിയിൽ നിന്നും കൂട്ടുപുഴ നിന്നും മാടായി തിരുവർക്കാട്ടുകാവിലേക്ക് (മാടായിക്കാവ്) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>കോതമംഗലം കെ.എസ്.ആർ.ടി.സി ബസ്സ് ഡിപ്പോ നവീകരണം</u>

321 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി ബസ്സ് ഡിപ്പോ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വിനോദ സഞ്ചാരികൾക്ക് ഗുണകരമായ കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ 'അമിനിറ്റീസ് സെന്റർ' ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) ഈ ഡിപ്പോയിൽ നിന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

തിരുവല്ല കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

322 ശ്രീ. മാത്യു റ്റി.തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഇഴഞ്ഞു നീങ്ങുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഫിനിഷിംഗ് ജോലികളുടെ ഭാഗമായി ഇടേണ്ട കണ്ണാടിചില്ലുകളുടെ സ്പെസിഫിക്കേഷൻ കരാറുകാർക്ക് നൽകിയിട്ടുണ്ടോ; ഇത് എന്നാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം</u>

323 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം മുടങ്ങുന്നത് പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ പഞ്ചിംഗ് സംവിധാനം

324 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്താൻ പഞ്ചിംഗ് സംവിധാനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി.യിലെ ഏതെല്ലാം യൂണിറ്റുകളിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ടെന്നും എവിടെയെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(സി) ട്രാൻസ്പോർട്ട് ഭവനിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(ഡി) ട്രാൻസ്പോർട്ട് ഭവനിൽ നടപ്പാക്കാനായിട്ടില്ലെങ്കിൽ മറ്റു യൂണിറ്റുകളിൽ ഇത് ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>കെ.എസ്. ആർ.റ്റി.സി. യിലെ പെൻഷൻ വിതരണം</u>

325 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ.റ്റി.സി യിൽ നിന്നും വിരമിച്ച രോഗികളായ നിരവധി പെൻഷൻകാർക്ക് പെൻഷൻ ലഭിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ജോലിയിലുണ്ടായിരുന്ന സമയത്ത് ഉറപ്പു ചെയ്തിരുന്ന പെൻഷൻ നൽകാതെ സാമൂഹ്യ നീതി നിഷേധിക്കുകയാണെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) പെൻഷൻ കുടിശ്ശിക സഹിതം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ ഡ്രൈവർമാരുടെ പുന:ക്രമീകരണം

326 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർമാരായ എത്ര പേരെ അദർ ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുണ്ട്; അതിന്റെ മാനദണ്ഡമെന്തെന്ന് അറിയിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി യിലെ പാസഞ്ചർ വാഹനങ്ങളൊഴികെയുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് എത്ര ഡ്രൈവർമാരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി യിലെ ഡയറക്ടർമാർ ഒഴികെയുള്ളവരുടെ ആവശ്യങ്ങൾക്കായി ഇത്തരം ഡ്രൈവർമാരെ നിയോഗിച്ചിട്ടുണ്ടോ ;

(ഡി) ഡയറക്ടർമാരൊഴികെയുള്ള ഉദ്യോഗസ്ഥർക്ക് സൗജന്യയാത്രാ പാസ് അനുവദിച്ചിട്ടുണ്ടോ;

(ഇ) പാസഞ്ചർ വണ്ടികൾ ഓടിക്കാൻ പാസഞ്ചർ ഇതര വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാരെ നിയോഗിച്ച് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി വിജിലൻസ് റിപ്പോർട്ടിന്മേൽ നടപടി

327 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ ജോലി ചെയ്യാതെ ശമ്പളം വാങ്ങുന്ന ജീവനക്കാരെ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി യിലെ വിജിലൻസ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഇവർക്കെതിരെ കെ.എസ്.ആർ.ടി.സി മാനേജ്മെന്റ് എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി യിലെ ഇത്തരം നിയമവിരുദ്ധ നടപടികൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരക്കാരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്ന മാനേജ്മെന്റിലെ ഉന്നതർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടേഷനിലുള്ള ജീവനക്കാർക്കുള്ള</u>
<u>കെ.എസ്.ആർ.ടി.സി. യാത്രാപാസ്</u>

328 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ അവരുടെ താൽപ്പര്യപ്രകാരം വിവിധ വകുപ്പുകൾ/കോർപ്പറേഷനുകൾ എന്നിവയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ അവർക്ക് 500 രൂപ ഈടാക്കി സൗജന്യ യാത്രാപാസ് നൽകാറുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്തും, ഈ സർക്കാരിന്റെ കാലത്തുമായി ഈ വകയിൽ എത്ര പേർ അത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഇവരിൽ എത്ര പേർക്ക് ഇത്തരത്തിൽ സൗജന്യ യാത്രാപാസ് നൽകിയിട്ടുണ്ട്; ഓരോരുത്തരിൽ നിന്നും ഈടാക്കിയ തുകയുടെ വിവരവും അതിന്റെ റെമിറ്റൻസ് സംബന്ധിച്ച വിവരവും നൽകാമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് യാത്രാപാസ്</u>

329 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി.സി യിൽ നിന്ന് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ പൊതു സേവനാർത്ഥം നിയമിക്കപ്പെടുന്നവർക്ക് യാത്രാപാസ് അനുവദിച്ച് നൽകാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ;

(ബി) കെ. എസ്. ആർ.ടി.സി.യിലെ സേവനത്തിന് പകരമായിട്ടാണ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ സമാന സേവനമനുഷ്ടിക്കുന്നത് എന്നത് പരിഗണിച്ച് കെ. എസ്. ആർ. ടി. സി. യിൽ നിന്നും ഇത്തരത്തിൽ നിയമനം നൽകുന്ന സ്ഥിരം ജീവനക്കാർക്ക് സൗജന്യ യാത്രാ പാസ് അനുവദിക്കുനാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിലെ സെക്യൂരിറ്റി ജീവനക്കാർ

330 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഭവനിൽ നിലവിൽ എത്ര സെക്യൂരിറ്റി ജീവനക്കാരുണ്ട് ; അവരുടെ ജോലി, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) മറ്റ് ഡിപ്പോകളിൽ ആകെ എത്ര സെക്യൂരിറ്റി ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>അമിതവേഗം കണ്ടെത്തുന്നതിനുള്ള ക്യാമറകൾ</u>

331 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗം കണ്ടെത്തുന്നതിനായി മെയിൻ സെൻട്രൽ റോഡിൽ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത് എവിടെയെല്ലാമാണ്;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

സി പ്രസ്തുത സംവിധാനം നിലവിൽ വന്നശേഷം എന്തു തുക അമിതവേഗത്തിന്റെ പേരിൽ പിഴയായി ലഭിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 09.06.2014-ലെ മറുപടിക്ക്

<u>ട്രാഫിക് നിയമലംഘകരിൽ നിന്നും പിഴ ഈടാക്കൽ</u>

332 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ മോട്ടോർവാഹന വകുപ്പ് എത്ര കേസുകൾ 1.1.2011 മുതൽ 30.04.2014 വരെ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) മോട്ടോർ വാഹന വകുപ്പ് ട്രാഫിക് നിയമലംഘകരിൽ നിന്നും ഈ കാലയളവിൽ എത്ര രൂപ പിഴയായി ഈടാക്കി; ജില്ലാടിസ്ഥാനത്തിലും വാർഷികാടിസ്ഥാനത്തിലുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിലെ റോഡുകളിൽ സാധാരണയായി ലൈറ്റ്, ഹെവി, ടൂവീലർ എന്നീ മോട്ടോർ വാഹന യാത്രക്കാർ വരുത്തുന്ന നിയമലംഘനങ്ങൾ ഏതെല്ലാം; ഓരോ തരത്തിലുമുള്ള നിയമലംഘനത്തിനും എത്ര രൂപ പിഴയായി നിശ്ചയിച്ചിട്ടുണ്ട്; നിശ്ചയിച്ചതിൽ നിന്നും കൂടുതൽ തുക പിഴയായി ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്റ്റിക്കർ സംവിധാനം</u>

333 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഭവനിൽ ജീവനക്കാരുടെ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് സ്റ്റിക്കർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്റ്റിക്കർ വിതരണം നടത്തിയിട്ടുണ്ടെന്നും അതിന്റെ പ്രിന്റിംഗിനും വിതരണത്തിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നുമറിയിക്കാമോ;

(സി) ഈ ഇനത്തിൽ എന്ത് തുക ചിലവായിട്ടുണ്ട്?

**കേരള നിയമസഭ**
**09.06.2014-ലെ മറുപടിക്ക്**

<u>കെ. എസ്. ആര്‍. റ്റി. സി. ഉയര്‍ന്ന ഉദ്യോഗസ്ഥരുടെ വാഹന ദുരുപയോഗം</u>

334 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സിയുടെ പാസഞ്ചര്‍ ഇതര വാഹനങ്ങള്‍ ട്രാന്‍സ്പോര്‍ട്ട് ഭവനിലെ ഉയര്‍ന്ന ഉദ്യോഗസ്ഥര്‍ സ്വകാര്യ ആവശ്യങ്ങള്‍ക്ക് ദുരുപയോഗം ചെയ്യുന്നതിനെതിരെ എന്തെല്ലാം നടപടികള്‍ ആരുടെയൊക്കെ പേരില്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം എത്ര പേരില്‍ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടെന്നും എന്ത് തുക ഈടാക്കിയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 09.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളിലെ മിന്നൽ പരിശോധന</u>

335 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യമനുവദിക്കാതെ, ബസ് ജീവനക്കാർ വിദ്യാർത്ഥികളോട് പരുഷമായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) യാത്രാസൗജന്യം അനുവദിക്കാത്ത ബസ്സുടമകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും ഏത് വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചത് എന്നും അറിയിക്കുമോ;

(ഡി) ഇത്തരം പരാതികളില്ലാതാക്കാൻ തലസ്ഥാന നഗരത്തിലെങ്കിലും സ്വകാര്യ ബസ്സുകളിൽ മിന്നൽ പരിശോധന നടത്താൻ മോട്ടോർ വാഹനവകുപ്പിനും, പോലീസിനും അധികാരം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 മേയ് 31.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]